(സി) (1) ആന്റി പവർ തെഫ്റ്റ് സ്ക്വാഡിനെ ശക്തിപ്പെടുത്തി.

(2) വിതരണ വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരും എച്ച്. ടി. മീറ്റർ ഇൻസ്പെക്ഷൻ വിഭാഗത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും നേരിട്ട് എച്ച്. ടി. ഉപഭോക്താക്കളുടെ ഇൻസ്റ്റലേഷൻ നിരന്തരമായി പരിശോധിക്കുന്നു.

(3) എല്ലാ എച്ച്. ഡി. ഉപഭോക്താക്കളുടെയും ടി. ഒ. ഡി. മീറ്ററുകളും കറന്റ് ട്രാൻസ്ഫോർമറുകളും എ. ബി. സ്വിച്ചും സീൽ ചെയ്യുന്നതിന് നടപടി എടുത്തു പൂർത്തിയാക്കി.

(4) എച്ച്. ഡി. ഉപഭോക്താക്കളുടെ വൈദ്യുതി ഉപഭോഗം സബ്സ്റ്റേഷനുകളിലെ പാനൽ റീഡിംഗ് ഉപയോഗിച്ച് ആഡിറ്റ് നടത്തി മോഷണസാദ്ധ്യതകൾ കണ്ടെത്തുന്നു.

(5) ആന്റിപവർ തെഫ്റ്റ് സംബന്ധിച്ച കേസുകൾ കേട്ട് തീരുമാനം എടുക്കുന്നതിന് നാല് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരെ പ്രത്യേകം നിയോഗിച്ചിട്ടുണ്ട്.

ചെറുകിട കർഷകരുടെ പ്രശ്നങ്ങൾ പഠിക്കാൻ കമ്മീഷൻ

7 [*211] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, ലൂഡി ലൂയിസ് :
,, കെ. എ. ചന്ദ്രൻ :
,, പ്രൊഫ: കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട നാമമാത്ര കർഷകരുടെ ക്ഷേമത്തിനുവേണ്ടി ഈ ഗവൺമെന്റ് എന്തെല്ലാം നടപടികളെടുത്തു എന്നു വിശദമാക്കാമോ;

(ബി) ഈ നടപടികൾകൊണ്ടു ചെറുകിട നാമമാത്ര കർഷകർക്ക് എന്തെല്ലാം പ്രയോജനങ്ങളുണ്ടായി എന്നു പറയുമോ;

(സി) ചെറുകിട നാമമാത്ര കർഷകരുടെ പ്രശ്നങ്ങൾ പഠിക്കുവാനും, അവയ്ക്കുള്ള പരിഹാരം നിർദ്ദേശിക്കുവാനും ഒരു കമ്മീഷനെ നിയമിക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി. കെ. ആർ. ഗൗരിയമ്മ):

(എ & ബി) ചെറുകിട നാമമാത്ര കർഷകരുടെ ക്ഷേമത്തിനുവേണ്ടി കാർഷിക മേഖലയിൽ സർക്കാർ നടപ്പിലാക്കിയ പദ്ധതികളും അതുമൂലം ഉണ്ടാവുന്ന പ്രയോജനങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) മേൽ വിവരിച്ചതുപോലെയുള്ള വിവിധ നടപടികൾ ഫലപ്രദമായി നടപ്പിലാക്കിവരുന്നതിനാൽ ഇതിനായി ഒരു പ്രത്യേക കമ്മീഷനെ നിയമിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നില്ല.

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 7 (*211) ദയവായി കാണുക]

ചെറുകിട നാമമാത്രകർഷകരുടെ ക്ഷേമത്തിനുവേണ്ടി കാർഷികമേഖലയിൽ സർക്കാർ ഒട്ടനവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു. നെല്ല്, തെങ്ങ്, കുരുമുളക്, അടയ്ക്ക, പച്ചക്കറികൾ, പൂകൃഷി എന്നിവയാണ് ചെറുകിട-നാമമാത്ര കൃഷിക്കാരുടെ മുഖ്യകൃഷികൾ. ഇന്നുനടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികളെല്ലാം മേൽകാണിച്ച വിളകളെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്.

നെല്ലിനെ സംബന്ധിച്ചിടത്തോളം വിളനാശത്തിന് ഹെക്ടറൊന്നിന് 1500 രൂപ നൽകിവന്നിരുന്നത് ഇരട്ടിയാക്കി വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. വരൾച്ചമൂലം കൃഷിനശിച്ച നെൽകൃഷിക്കാർക്ക് വിത്തും കുമ്മായവും സൗജന്യമായി നൽകിവരുന്നു. മൂപരിധി ബാധകമാക്കാതെതന്നെ നെൽകൃഷിക്കാർക്ക് വൈദ്യുതി സൗജന്യമായി നൽകുന്നുണ്ട്. കർഷകരെ സഹായിക്കുന്നതിനായി നെല്ലുസംഭരണം ഏജൻസികൾ മുഖാന്തിരം നടത്തിവരുന്നു.

അടയ്ക്ക, കാപ്പി, കുരുമുളക് കർഷകരെ സഹായിക്കാൻ സർക്കാർ പ്രത്യേക പദ്ധതി നടപ്പിലാക്കിവരുന്നു. കുരുമുളക് സംഭരണത്തിനും കാപ്പി കർഷകർക്കുള്ള പ്രൊഡക്ഷൻ ഇൻസെന്റീവിനുമായി 10 കോടി രൂപ അനുവദിച്ചു. കിലോഗ്രാമിന് 75 രൂപ നിരക്കിൽ കുരുമുളക് സംഭരിക്കാൻ മാർക്കറ്റ് ഫെഡിനെ ചുമതലപ്പെടുത്തി. കാപ്പിക്ക് ഹെക്ടറിന് 720 രൂപ നിരക്കിൽ കർഷകർക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്നതാണ്. നിലവിലുള്ള കമ്പോളവിലയെക്കാൾ കിലോയ്ക്ക് 10 രൂപ കൂടുതൽ നൽകി. അടയ്ക്കാ സംഭരിക്കുന്നതിനും കാംകോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 10 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

തെങ്ങിന്റെ മണ്ഡരി രോഗത്തിന് സംസ്ഥാനത്തൊട്ടാകെ മരുന്നുതളി നടത്തിവരുന്നു. രോഗംവന്ന തെങ്ങുകൾ വെട്ടിമാറ്റി പുതിയവ നടുന്നതിനും 1924 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഈ കാര്യങ്ങളെല്ലാംതന്നെ ചെറുകിട നാമമാത്ര കർഷകരുടെ ക്ഷേമം ലക്ഷ്യമാക്കിതന്നെ സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികളാണ്.

നെല്ലുൾപ്പടെ 35 വിളകൾക്ക് നൽകിവരുന്ന നഷ്ടപരിഹാരത്തുക ഇരട്ടിയായി വർദ്ധിപ്പിച്ചുനൽകിയിട്ടുണ്ട്. വരൾച്ചയും കൃഷിനാശവുംമൂലം കാർഷികവായ്പ എടുത്ത് തിരിച്ചടക്കാൻ കഴിയാത്ത ചെറുകിടനാമമാത്ര കർഷകരെ രക്ഷിക്കാനായി 23-1-2004 മുതൽ ഒരുവർഷത്തേയ്ക്ക് സഹകരണ രജിസ്ട്രാർ മൊറോട്ടോറിയം പ്രഖ്യാപിച്ചിരുന്നു. കൂടാതെ കൊമേഴ്ഷ്യൽ ബാങ്കുകളിൽ നിന്നെടുത്തിട്ടുള്ള കാർഷിക വായ്പകൾക്ക് രണ്ടു വർഷത്തേക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. പ്രാഥമിക വായ്പാ സഹകരണസംഘങ്ങളിൽനിന്നും എടുത്തിട്ടുള്ള കാർഷികവായ്പകളിന്മേൽ ഒരുവർഷത്തേയ്ക്ക് ജപ്തി നടപടികൾ നിർത്തിവെച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ചെറുകിട-നാമമാത്ര കർഷകരെ സഹായിക്കുന്നതിനായി ഹ്രസ്വകാലവായ്പകൾ മദ്ധ്യകാലവായ്പകളായി മാറ്റുന്നതിനും മദ്ധ്യകാലവായ്പകളുടെ തിരിച്ചടയ്ക്കാത്ത ഗഡുക്കൾ പ്രത്യക മദ്ധ്യകാല വായ്പകളായി മാറ്റുന്നതിനും വ്യവസ്ഥ ചെയ്തുകൊണ്ടും സഹകരണസംഘം രജിസ്ട്രാർ

LIBRARY ARCHIVES Kerala Legislative Assembly

സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുള്ളവർക്ക് അവരുടെ കുടിശ്ശിക, പിഴപ്പലിശ, മറ്റ് ചെലവുകൾ എന്നിവ ഒഴിവാക്കി കുറഞ്ഞ പലിശനിരക്കിൽ ഒറ്റത്തവണയായി അടച്ചുതീർക്കുന്നതിന് 31-3-2005 വരെ കാലാവധി ദീർഘിപ്പിച്ചുകൊണ്ട് സഹകരണസംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

പച്ചക്കറികളുടെ ഉത്പാദനത്തിനും വിപണനത്തിനും പഴങ്ങളുടെ സംസ്കരണത്തിനും വി.എഫ്.പി.സി.കെ. മുഖേന സഹായം നൽകിവരുന്നു. ഇവയെല്ലാം ചെറുകിട-നാമമാത്ര കർഷകർക്ക് പ്രയോജനം ലഭിച്ച നടപടികളാണ്.

LIBRARY ARCHIVES Kerala Legislative Assembly